# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5054 24.10.2011-ൽ മറുപടിക്ക്

## ന്യൂമോണിയക്കെതിരെ കാമ്പയിൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ന്യൂമോണിയമൂലം സംസ്ഥാനത്തുണ്ടായി ക്കൊണ്ടിരിക്കുന്ന ശിശുമരണങ്ങളുടെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ന്യൂമോണിയ മൂലം സംസ്ഥാനത്ത് ശിശു മരണനിരക്ക് കൂടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) ന്യൂമോണിയ വാക്സിനേഷനുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില ആശങ്കകൾ ദൂരീകരിക്കുന്നതിന് ഒരു ബോധവത്കരണ പരിപാടിക്ക് രൂപം നൽകുമോ ; | (ബി) ന്യൂമോണിയ, ഡിഫ്ത്തീരിയ, പെർട്ടൂസിസ്, ടെറ്റനസ് ഹെപ്പറ്റൈറ്റിസ് (ബി) ന്യൂമോണിയ, മെനിഞ്ചൈറ്റിസ് എന്നീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി സംയുക്ത വാക്സിനായ പെന്റാവാലന്റ് വാക്സിൻ കേന്ദ്രഗവൺമെന്റ് ഈ വർഷം കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ആദ്യഘട്ടമെന്ന നിലയിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പൂർണ്ണമായും സൗജന്യമായാണ് കേന്ദ്രഗവൺമെന്റ് നൽകുന്നത്. ഈ വാക്സിനേഷനെക്കുറിച്ച് ചില ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ ഇതിന്റെ കേരളത്തിലെ നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിപ്രായ രൂപീകരണത്തിന് ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) 'പോളിയോ മോഡൽ' കാമ്പയിൻ ന്യൂമോണിയയുടെ കാര്യത്തിലും നടപ്പിലാക്കുമോ ; വ്യക്തമാക്കുമോ ? | (സി) പോളിയോ മോഡൽ കാമ്പയിൻ ന്യൂമോണിയയുടെ കാര്യത്തിൽ നടപ്പിലാക്കേണ്ട ആവശ്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ